തന്നെയാണ് പഞ്ചായത്തുവകുപ്പിനും ബാധകമായിട്ടുള്ളത്. പഞ്ചായത്തു ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേക മാനദണ്ഡം തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ നിയമനം**

48 [2393] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവിലേക്ക് മറ്റ് ഡിപ്പാർട്ട്മെന്റുകളിലുള്ള ആളുകളെ ഡെപ്യൂട്ടേഷനിൽ ഓപ്ഷൻ വാങ്ങി നിയമിക്കാറുണ്ടോ;

(ബി) എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടത്താറുള്ളത്; ഇവരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ അധികാര പരിധിയിലെ ഏതൊക്കെ പഞ്ചായത്തുകളിൽ, എത്ര പേർ, ഏതൊക്കെ തസ്തികകളിലായി ഇപ്രകാരം ജോലി നോക്കിവരുന്നുവെന്ന് പ്രസ്തുത വ്യക്തികളുടെ പേരും മാതൃവകുപ്പും സഹിതം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് മാതൃവകുപ്പിൽനിന്നും ശമ്പളം വാങ്ങാൻ പോകുന്നതിനായി എന്ത് വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷനിൽ ജീവനക്കാരെ എടുക്കുന്ന സമ്പ്രദായം നിലവിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

**കോഴിക്കോട്, കൊച്ചി നഗരങ്ങൾ വികസിപ്പിക്കാൻ മാസ്റ്റർ പ്ലാൻ**

49 [2394] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശ സ്വയംഭരണ നഗരിയുടെ വികസനത്തിനുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയുടെ മാതൃകയിൽ പ്രസ്തുത നഗരങ്ങളുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും രൂപരേഖ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മാതൃകയിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

*ഉത്തരം*

(എ) - (സി) തലസ്ഥാന വികസന പദ്ധതി ആവശ്യമായ മാറ്റങ്ങളോടെ കോഴിക്കോട്, കൊച്ചി നഗരങ്ങളിലും നടപ്പിലാക്കുന്നതിനും, ഈ നഗരങ്ങളെ സാമ്പത്തിക വളർച്ചാകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഉന്നതതല സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**ആർ.സി.സി.യുടെ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുവാനും സൗജന്യമാക്കുവാനും നടപടി**

50 [2397] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള റീജിയണൽ കാൻസർ സെന്ററിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് രോഗികൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിലകൂടിയ മരുന്നുകൾ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നത് മാനസികമായും ശാരീരികമായും അവശരായ രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതു പരിഹരിക്കുവാൻ മരുന്നുകൾ ആശുപത്രി കൗണ്ടറിൽനിന്നും ലഭ്യമാക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ഡി) കാൻസർ ചികിത്സയ്ക്കായി എത്തുന്ന രോഗികളിൽനിന്നും മുൻകൂർ പണം അടയ്ക്കുവാൻ നിഷ്കർഷിക്കുന്നത് ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലെ കാൻസർ ചികിത്സയ്ക്കായി മാത്രം 'കാൻസർ ചികിത്സാ സഹായനിധി' ഏർപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) രോഗികളുടെകൂടെ വരുന്നവർക്ക് വിശ്രമിക്കുവാനും പ്രഭാത ദിനകൃത്യങ്ങൾ നിർവ്വഹിക്കുവാനും ഉള്ള സൗകര്യങ്ങൾ ആർ.സി.സി. പരിസരത്ത് ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly